പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 372      25.06.2014 ൽ മറുപടിക്ക്.

## അൺ - എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തൊഴിൽ ചൂഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ :<br>ശ്രീ. എം. ചന്ദ്രൻ :<br>ശ്രീ. എസ്. ശർമ്മ :<br>ഡോ.കെ. ടി. ജലീൽ : | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരും അനദ്ധ്യാപകരും തൊഴിൽ ചൂഷണത്തിനിരയാകുന്നുവെന്ന കോടതി കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും പരിശോധന നടത്തിയിരുന്നോ; വിശദമാക്കാമോ; | (എ) പരാതികൾ ലഭിക്കുന്ന സ്കൂളുകളിൽ തൊഴിൽവകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധനകൾ നടത്തുകയും അനദ്ധ്യാപകരുടെ മിനിമം വേതനം, അവധി, ജോലി സുരക്ഷ മുതലായവ നൽകുന്നതിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയിട്ടുള്ള സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള ഇവർക്ക് അവിദഗ്ധ തൊഴിലാളികൾക്ക് ലഭിക്കുന്ന വേതനം പോലും ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) അവർക്ക് മിനിമം വേതനവും മറ്റാനുകൂല്യങ്ങളും നിശ്ചയിക്കാനും അവ ലഭ്യമാകുന്നുവെന്ന് ഉറപ്പ് വരുത്താനും നടപടി സ്വീകരിക്കുമോ; | (സി) സംസ്ഥാനത്തെ അൺ- എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് മിനിമം വേതനം നടപ്പിലാക്കുന്നതിന്റെ മുന്നോടിയായി തയ്യാറാക്കിയിട്ടുള്ള The Kerala Payment of Minimum Wages |

| | |
|---|---|
| | to Teachers of Unaided Educational Institution- Bill 2014 ന്റെ സാധ്യത സർക്കാർ പരിശോധിച്ചുവരുന്നു. |
| (ഡി) ഇത്തരം സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും സംഘടനാ സ്വാതന്ത്ര്യമില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ആഫീസർ.